LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്ക് പഞ്ചായത്ത് വിഭജനം

10 (5357) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബ്ലോക്ക് പഞ്ചായത്തുകൾ വിഭജിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ബ്ലോക്ക് പഞ്ചായത്തുകളെ കഴിയുന്നിടത്തോളം നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ഒരു ബ്ലോക്കായി ക്രമീകരിക്കുകയോ, അതിന് കഴിയുന്നില്ലെങ്കിൽ പരമാവധി രണ്ട് ബ്ലോക്കുകളിലായി (മൂന്ന് ബ്ലോക്കിൽ കവിയാതെ) ക്രമീകരിക്കുകയോ ചെയ്യുക എന്ന മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണ് പുനഃക്രമീകരണം നടത്തിയിട്ടുള്ളത്.

ഗ്രാമവികസന വകുപ്പിന് കീഴിൽ ജീവനക്കാരുടെ ഒഴിവുകൾ

11 (5358) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഗ്രാമവികസന വകുപ്പിന് കീഴിൽ എഞ്ചിനീയറിങ് സ്റ്റാഫ് ഉൾപ്പെടെയുള്ള എത്ര ജീവനക്കാരുടെ ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 19 ഒഴിവുകൾ

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 2
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1
3. അസിസ്റ്റന്റ് എഞ്ചിനീയർ - 1
4. ഡ്രാഫ്റ്റ്സ്മാൻ - 1
5. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ - 2
6. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ.) - 1
7. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യു.ഡി) - 1